ഹരിതകേരളം മിഷൻ
കേരള സർക്കാർ

04.08.2018

# പത്രക്കുറിപ്പ്

## ഹരിതകേരളം മിഷൻ പരിസ്ഥിതി ദിന ഫോട്ടോഗ്രാഫി അവാർഡ് വിഷ്ണുദാസിന്

### ആൽഫ്രഡിന് രണ്ടാംസ്ഥാനവും അജയ് സൂരജിന് മൂന്നാം സ്ഥാനവും ലഭിച്ചു. എല്ലാ ജില്ലകളിൽ നിന്നും ഒരാൾക്ക് പ്രോത്സാഹന സമ്മാനം

ഹരിതകേരളം മിഷൻ 2018 ലെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സംസ്ഥാനതല ഫോട്ടോഗ്രാഫി മത്സരത്തിൽ കോട്ടയം എസ്.എച്ച് മൗണ്ട് സ്വദേശി വിഷ്ണു ദാസിന് ഒന്നാം സ്ഥാനം ലഭിച്ചു. തൃശൂർ എരുമപ്പെട്ടി സ്വദേശി ആൽഫ്രഡിനു രണ്ടാം സ്ഥാനവും വയനാട് പുൽപ്പള്ളി സ്വദേശി അജയ് സൂരജിന് മൂന്നാം സ്ഥാനവും ലഭിച്ചു. 10000 രൂപയും സാക്ഷ്യപത്രവുമാണ് ഒന്നാം സ്ഥാനമായി ലഭിക്കുക. രണ്ട്, മൂന്ന് സ്ഥാനങ്ങൾക്ക് യഥാക്രമം 7500 രൂപയും, 5000 രൂപയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്. എല്ലാ ജില്ലയിൽ നിന്നും ഒരാൾക്ക് 1000 രൂപയും സാക്ഷ്യപത്രവുമടങ്ങിയ പ്രോത്സാഹന സമ്മാനം ലഭിക്കും. തിരുവനന്തപുരം സ്വദേശി സതീശ്കുമാർ, കൊല്ലം ശാസ്താംകോട്ട സ്വദേശി ആത്മൻ, പത്തനം തിട്ട കോന്നി സ്വദേശി ജോതിഷ്, ആലപ്പുഴ തട്ടാരമ്പലം സ്വദേശി ആൽഫിൻ, കോട്ടയം മാഞ്ഞൂർ സൗത്ത് സ്വദേശി റെജി തോമസ്, ഇടുക്കി സെവൻത് മൈൽ സ്വദേശി ആനന്ദ് വിഷ്ണുപ്രകാശ്, എറണാകുളം സ്വദേശി ഷിയാമി തൊടുപുഴ, തൃശൂർ അരിമ്പൂർ സ്വദേശി ഹരിദാസ്, പാലക്കാട് സ്വദേശി പി.പി.രതീഷ്, മലപ്പുറം അരീക്കോട് സ്വദേശി ഇഹ്സാൻ ജാവി ദ്, കോഴിക്കോട് അത്തോളി സ്വദേശി വിനോദ് അത്തോളി, വയനാട് തലപ്പുഴ സ്വദേശി പ്രജീഷ് ക്ലാസ്സിക്, കണ്ണൂർ ചെറുകുന്ന് സ്വദേശി ഷബ്ന സി.പി., കാസർകോട് വെള്ളരികുണ്ട് സ്വദേശി സിബി ബാബു തുടങ്ങിയവരാണ് പ്രോത്സാഹന സമ്മാന ജേതാക്കൾ. പ്രശസ്ത ഛായാഗ്രാഹ കരായ കെ.ജി. ജയൻ, എം.ജെ. രാധാകൃഷ്ണൻ എന്നിവർ അടങ്ങിയ ജൂറിയാണ് പുരസ്കാര നിർണ്ണയം നടത്തിയത്. 150 ഓളം ഫോട്ടോകളാണ് അവാർഡിനായി അവസാന റൗണ്ടിൽ പരിഗണിച്ചത്.

Sd/-
**ഡോ.ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

ടി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം-695 004
ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in